പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 373 07/01/2014- ൽ മറുപടിക്ക്

# ഭൂതത്താൻകെട്ട് ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഭൂതത്താൻകെട്ട് ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ നിർമ്മാണം കരാർ നൽകാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി വിളിച്ച ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്; പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായിട്ടുള്ള സിവിൽ ജോലികളുടെ ഇ- ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രീ ക്വാളിഫൈ ചെയ്യുന്നവരുടെ പ്രൈസ് ബിഡുകൾ 17/01/2014-ലാണ് തുറക്കുന്നത്. ആയതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 231.21 കോടി രൂപയാണ്. |
| (സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അനുമതികളും ലഭ്യമായിട്ടുണ്ടോ; വനം വകുപ്പിൽനിന്നും ലഭിക്കേണ്ടിയിരുന്ന അനുമതികൾ എന്തെല്ലാമായിരുന്നു; അവ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കുവേണ്ടി വനം വകുപ്പ് വിട്ടുതന്ന ഭൂമി എത്രയാണ്; വിശദമാക്കുമോ; | (സി) പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. പദ്ധതിക്കു വേണ്ടി 1.96 ഹെക്ടർ വനഭൂമി വനേ തര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. വനഭൂമിയുടെ പാട്ടക്കരാർ പുതുക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. |
| (ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനവുമായുള്ള ഏതെങ്കിലും കരാർ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സ്ഥാപനവുമായും ഒരു കരാറും ഇപ്പോൾ നിലവിലില്ല. |

(ഇ) കാപ്റ്റീവ് ജനറേഷനുവേണ്ടി കരാറിൽ ഏർപ്പെട്ടിരുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് എല്ലാ ബാധ്യതകളും അവസാനിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഇ) കാപ്റ്റീവ് ജനറേഷനുവേണ്ടി കരാറിൽ ഏർപ്പെട്ടിരുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് യാതൊരു ബാദ്ധ്യതകളുമില്ല.

സെക്ഷൻ ഓഫീസർ